# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5215** — **31/10/2016-ന് മറുപടിക്ക്**

## സർക്കാർ ജീവനക്കാർക്ക് പെരുമാറ്റച്ചട്ടം

**ചോദ്യം**

ശ്രീ.കെ.മുരളീധരൻ
ശ്രീ.അനിൽ അക്കര
ശ്രീ.ഹൈബി ഈഡൻ
ശ്രീ.വി.പി.സജീന്ദ്രൻ

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പെരുമാറ്റച്ചട്ടം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും (സി) യും (ഡി) യും | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ ബാധകമാണ്. പ്രസ്തുത ചട്ടങ്ങളിൽ കാലാകാലങ്ങളിൽ സർക്കാർ ആവശ്യമായ ഭേദഗതികൾ വരുത്താറുണ്ട്. പെരുമാറ്റ ചട്ടങ്ങൾ നടപ്പിലാക്കുവാനായി യോഗം ചേർന്നിരുന്നില്ല. എന്നാൽ ജനങ്ങൾ ആഗ്രഹിക്കുന്ന തരത്തിലുള്ളതും കാര്യക്ഷമവുമായ ഭരണം കാഴ്ച വയ്ക്കുന്നതിനും സിവിൽ സർവീസ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 04.07.2016 ന് സംഘടനാ പ്രതിനിധികളുമായി മുഖ്യമന്ത്രി ചർച്ച നടത്തിയിട്ടുണ്ട്. യോഗത്തിന്റെ മിനുട്സ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്തിട്ടുണ്ടോ; വിവരിക്കുമോ; | | |
| (സി) | ചർച്ചയിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് മുഖ്യമന്ത്രി മുന്നോട്ട് വച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | | |
| (ഡി) | എന്നു മുതൽ പെരുമാറ്റച്ചട്ടം നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**കേരളത്തിലെ സർക്കാർ ജീവനക്കാരുടെ സംഘടനാപ്രതിനിധികളുമായി ബഹു.മുഖ്യമന്ത്രി 04.07.2016 ന് രാവിലെ 11 മണിക്ക് സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ**

യോഗം കൃത്യം 11 മണിക്ക് ആരംഭിച്ചു. യോഗത്തിൽ ബഹു.മുഖ്യമന്ത്രിയെക്കൂടാതെ ചീഫ് സെക്രട്ടറി, ബഹു.മുഖ്യമന്ത്രിയുടെ സെക്രട്ടറിയും അഡീഷണൽ ചീഫ് സെക്രട്ടറിയുമായ ശ്രീമതി നളിനി നെറ്റോ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സത്യജീത് രാജൻ, പൊതുഭരണവകുപ്പ് സെക്രട്ടറി ഡോ. ഉഷാ ടൈറ്റസ് എന്നിവരും സന്നിഹിതരായിരുന്നു. യോഗത്തിൽ പങ്കെടുത്ത സംഘടനാപ്രതിനിധികളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

പൊതുഭരണവകുപ്പ് സെക്രട്ടറി യോഗത്തിൽ സ്വാഗതം ആശംസിച്ചു. തുടർന്ന് സംസാരിച്ച ബഹു.ചീഫ് സെക്രട്ടറി, അഴിമതിരഹിതവും കാര്യക്ഷമവും സുതാര്യവും ഉത്തരവാദിത്തത്തോടും കൂടിയുള്ള സിവിൽ സർവ്വീസ് നടപ്പാക്കുകയാണ് സർക്കാരിന്റെ ഉദ്ദേശ്യമെന്നും ഇക്കാര്യത്തിൽ സംഘടനാപ്രതിനിധികളുടെ അഭിപ്രായങ്ങൾ ആരായുന്നതിനുവേണ്ടിയാണ് ഈ യോഗം വിളിച്ചു കൂട്ടിയിരിക്കുന്നതെന്നും അറിയിച്ചു.

ഭരണഘടന വിഭാവനം ചെയ്യുന്നതും ജനങ്ങൾ ആഗ്രഹിക്കുന്ന തരത്തിലുള്ളതും കാര്യക്ഷമവുമായ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുകയാണ് നമ്മുടെ ഭരണയന്ത്രം ചെയ്യേണ്ടതെന്ന് ജീവനക്കാരെ ഓർമ്മിപ്പിച്ചുകൊണ്ടാണ് ബഹു. മുഖ്യമന്ത്രി പ്രസംഗം ആരംഭിച്ചത്. ജനങ്ങൾക്ക് ജീവനക്കാരിൽ നിന്നും മികച്ച സേവനം ലഭ്യമാക്കുന്നതിനുവേണ്ടി മുഖ്യമന്ത്രി മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- ജനങ്ങൾക്കു വേണ്ടിയുള്ളതാണ് ഭരണസംവിധാനം എന്ന ധാരണയോടുകൂടിയുള്ള ഇടപെടലുകൾ സ്വാഭാവികമായും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും.
- അഴിമതി, കെടുകാര്യസ്ഥത ഇവയിൽ നിന്നെല്ലാം മാറ്റം ആവശ്യമാണ്.
- പ്രൊഫഷണലിസത്തിന്റെ അഭാവം, ചുവപ്പുനാട, പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കാലതാമസം കാരണം വകയിരുത്തിയിട്ടുള്ള തുക പാഴായിപ്പോകുന്ന സാഹചര്യങ്ങൾ, സേവന ഗുണനിലവാരത്തിൽ വരുന്ന തകർച്ച എന്നിവ ഒഴിവാക്കണം
- ചെലവഴിക്കുന്ന തുകയെ മാത്രം കണക്കിലെടുക്കാതെ പദ്ധതിയിൽ എത്രത്തോളം പ്രയോജനമുണ്ടായി എന്നത് കണക്കിലെടുത്താകണം ഒരു പദ്ധതി അവലോകനം ചെയ്യേണ്ടത്.
- വിവരാവകാശ നിയമം, സേവനാവകാശ നിയമം എന്നിവ കർശനമാക്കണം
- ഭരണയന്ത്രത്തിന്റെ ചക്രങ്ങളായ ജീവനക്കാരെല്ലാം സർക്കാരിന്റെ മുന്നിൽ തുല്യരാണ്.
- ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങൾ, സേവന വേതനവ്യവസ്ഥകൾ എന്നിവ പരിഹരിക്കുന്നതിന് സർക്കാർ മുൻഗണന നൽകും.
- സ്ഥലംമാറ്റത്തിന് കുറ്റമറ്റ മാനദണ്ഡങ്ങൾ ആവിഷ്കരിക്കും.
- ജീവനക്കാരുടെ പുനഃക്രമീകരണം ശാസ്ത്രീയമായ പ്രവർത്തന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം

- ശമ്പളപരിഷ്കരണം പത്തുവർഷത്തിലൊരിക്കൽ എന്നത് സർക്കാർ പരിശോധനാവിധേയമാക്കും.
- കാലഹരണപ്പെട്ട നിയമങ്ങളിൽ, റദ്ദാക്കേണ്ടവ റദ്ദാക്കുകയും പരിഷ്കരിക്കേണ്ടവ സമഗ്രമായി പരിഷ്കരിക്കുകയും ചെയ്യും.
- പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കും.
- വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഫയലുകളുടെ കൈമാറ്റം സുഗമമാക്കും.
- എല്ലാ ജീവനക്കാർക്കും തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കും.
- നോട്ടീസ് ബോർഡ്, പൗരാവകാശ രേഖ എന്നിവയിലൂടെ ജനങ്ങൾക്ക് അറിയാനുള്ള അവകാശത്തിന് പ്രാമുഖ്യം കൊടുക്കണം.
- തീരുമാനമെടുക്കുന്നതിലെ അനന്തമായ കാലതാമസം ഒഴിവാക്കണം.
- സാധാരണ ഫയലുകളിൽ തീരുമാനമെടുക്കാനുള്ള സമയപരിധി 30 ദിവസമായി നിജപ്പെടുത്തണം.
- ഫയലിലെ ആവശ്യം നിരസിക്കപ്പെട്ടാൽ അത് പുന:പരിശോധിക്കാനുള്ള സംവിധാനം ഉണ്ടാകണം.
- ഭരണപരിഷ്കാര കമ്മീഷൻ മുന്നോട്ടുവച്ച 'സ്റ്റേറ്റ് സിവിൽ സർവ്വീസ്' എന്ന ആശയം സംഘടനകളെ വിശ്വാസത്തിലെടുത്ത് മാത്രമേ നടപ്പിലാക്കൂ.
- ജീവനക്കാരുടെ ഹാജർ കർശനമാക്കും.
- മേലധികാരികൾ ഹാജർനില കൃത്യമായി പരിശോധിക്കണം.
- ഹാജർ പ്രശ്നത്തിൽ സംഘടനകൾ ഇടപെടുന്നത് ഒഴിവാക്കണം.
- പുതുതായി സർവ്വീസിൽ കയറിയ ജീവനക്കാർക്ക് ഒരു മാസത്തെ പരിശീലനവും, നിലവിലുള്ളവർക്ക് ഇൻ-സർവ്വീസ് ട്രെയിനിംഗും നൽകും.
- നിയമങ്ങളേയും ചട്ടങ്ങളേയും കുറിച്ചുള്ള പരിശീലനത്തിന് ഐ.എം.ജി പോലുള്ള സംവിധാനം ഫലപ്രദമായി ഉപയോഗിക്കണം.
- ഭരണഭാഷ മലയാളമാക്കണം. എല്ലാ ഉത്തരവുകളും കത്തുകളും മലയാളത്തിലാക്കണം.
- മലയാളത്തിൽ പോരായ്മയുള്ള ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകണം.
- പൊതുജനങ്ങൾക്ക് സേവനകേന്ദ്രങ്ങൾ ഏർപ്പെടുത്തും.
- സേവനാവകാശ നിയമം, വിവരാവകാശ നിയമം എന്നിവ മുഖേനയുള്ള സേവനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണം.
- സുരക്ഷിതമായ ഇലക്ട്രോണിക് സംവിധാനത്തിലൂടെ ഫയൽ നീക്കവും പരിശോധനയും സാധ്യമാക്കും.
- പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ഓരോ സെക്ഷനുകളിലും കൈകാര്യം ചെയ്യുന്ന വിഷയം പ്രദർശിപ്പിക്കേണ്ടതാണ്.
- ഫയൽ നീക്കം ത്വരിതപ്പെടുത്തുന്നതിനായി ഫയൽ പരിശോധിക്കേണ്ട തട്ടുകളുടെ എണ്ണം പരിമിതപ്പെടുത്തണം.
- ഓഫീസ് മാന്വൽ സമയബന്ധിതമായി പരിഷ്കരിക്കണം

- ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കാൻ ഇന്റേണൽ ഓഡിറ്റ്, ഓഡിറ്റ് ഇൻസ്പെക്ഷൻ എന്നിവ നടപ്പാക്കണം. വിജിലൻസ് സംവിധാനം എന്നിവ ശക്തിപ്പെടുത്തി ഓരോ വകുപ്പും അഴിമതി വിമുക്തമാക്കണം.
- പെർഫോമൻസ് ഓഡിറ്റ്, സോഷ്യൽ ഓഡിറ്റ് എന്നിവ എല്ലാവകുപ്പിലും ഉണ്ടാകണം.
- വിവിധ സർട്ടിഫിക്കറ്റുകൾക്കുള്ള കാലപരിധി ഫലപ്രദമായി നടപ്പിലാക്കണം.
- ജീവനക്കാരുടെ പെരുമാറ്റം മാതൃകാപരമാകണം.
- ജീവനക്കാരുടെ സ്വഭാവനടപടി ചട്ടങ്ങൾക്ക് കാലാനുസൃതമായ മാറ്റം ആവശ്യമാണ്.
- ഓഫീസുകൾ പല വസ്തുക്കളുടേയും വിൽപ്പനാകേന്ദ്രങ്ങളാകുന്ന അവസ്ഥ ഒഴിവാക്കണം. ഇത് സാധ്യമാക്കുന്നതിനായി ഓഫീസുകൾക്കുള്ളിൽ വാണിജ്യവ്യാപാര സംവിധാനം അനുവദിക്കില്ല.
- ഓഫീസുകൾ ശുചിയായി സൂക്ഷിക്കണം.
- ഓഫീസിലെത്തുന്ന സന്ദർശകർക്ക് ഇരിക്കാനുള്ള സൗകര്യം ലഭ്യമാക്കണം.
- ജീവനക്കാർക്കും സന്ദർശകർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കണം.
- ഉപയോഗശൂന്യമായ വസ്തുക്കൾ ഓഫീസുകളിൽ സൂക്ഷിക്കരുത്. ഇവ നീക്കം ചെയ്യുന്നതിന് ഫലപ്രദമായ സംവിധാനം ഉണ്ടാകണം. അതിന് ഒരാളെ ചുമതലപ്പെടുത്തേണ്ടതാണ്.

തുടർന്ന് സംഘടനാപ്രതിനിധികൾ അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അവതരിപ്പിച്ചു.

1. ശ്രീ. പി.എച്ച്.എം. ഇസ്മയിൽ (കൺവീനർ - FSETO)

ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് ബഹു.മുഖ്യമന്ത്രി മുന്നോട്ടുവച്ച എല്ലാനിർദ്ദേശങ്ങളും അംഗീകരിച്ചു. സ്റ്റേറ്റ് സിവിൽസർവ്വീസിനെ കുറിച്ച് സംഘടനകളുമായി ചർച്ച നടത്തേണ്ടതാണെന്നും ജീവനക്കാരുടെ ജോലി ഭാരം കണക്കാക്കി അവരെ പുനർവിന്യസിക്കണമെന്നും ഫയൽ തീർപ്പാക്കൽ വർക്ക്ഷോപ്പ് നടത്തണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

2. ശ്രീ. എൻ. രവികുമാർ (SETO)

അഴിമതിരഹിതവും കാര്യക്ഷമവുമായ സിവിൽ സർവ്വീസ് എന്ന കാര്യത്തിൽ സെറ്റോയുടെ പൂർണ്ണപിന്തുണ പ്രഖ്യാപിച്ചു. സ്ഥലംമാറ്റത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കണമെന്ന് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടു. താഴെ തട്ടിൽ തന്നെ തീരുമാനമെടുക്കുവാൻ കഴിയുന്ന വിഷയങ്ങളിൽ അപ്രകാരം പ്രവർത്തിക്കുന്നതിന് Delegation of Powers -ൽ മാറ്റം വരുത്തേണ്ടത് ഉചിതമായിരിക്കും എന്ന് അഭിപ്രായപ്പെട്ടു. ഓഫീസ് മാന്വൽ സമയബന്ധിതമായി പരിഷ്കരിക്കണം. പൂർണ്ണ പെൻഷനുള്ള സർവ്വീസ് കാലാവധി 30-ൽ നിന്നും 25 വർഷമായി കുറയ്ക്കണം. സമഗ്ര ആരോഗ്യ ഇൻഷുറൻസ് നടപ്പിലാക്കണം. സ്റ്റേറ്റ് സിവിൽ സർവ്വീസ്

നടപ്പാക്കുന്ന കാര്യത്തിൽ സെക്രട്ടേറിയറ്റിലെ സംഘടനകളുടെയും അഭിപ്രായം ആരായണം.

3. ശ്രീ. എസ്. വിജയകുമാരൻ നായർ (കൺവീനർ - അദ്ധ്യാപക സർവ്വീസ് സംഘടനാ സമരസമിതി)

മുഖ്യമന്ത്രിയുടെ നിർദ്ദേശങ്ങളോട് സംഘടനയുടെ പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു. ഉദ്യോഗസ്ഥ പുനർവിന്യാസം ശാസ്ത്രീയമാകണം. പഞ്ചായത്തുകളിൽ അധിക തസ്തിക സൃഷ്ടിക്കുകയും അടിസ്ഥാന സൗകര്യം ഒരുക്കുകയും വേണം. അദ്ധ്യാപകർക്ക് ശമ്പളം കിട്ടാത്ത അവസ്ഥ, സ്കൂളുകൾ അടച്ച് പൂട്ടൽ എന്നിവയിൽ സംഘടന ആശങ്ക പ്രകടിപ്പിച്ചു.

4. ശ്രീ. പി. സുനിൽകുമാർ (ജനറൽ സെക്രട്ടറി - ഫെഡറേഷൻ ഓഫ് എംപ്ലോയീസ് ആന്റ് ടീച്ചേഴ്സ് ഓർഗനൈസേഷൻ)

പഞ്ചിംഗ് സംവിധാനം ശക്തമാക്കുന്നതിന് ഗവണ്മെന്റിന് സംഘടനയുടെ പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു. സ്ഥലംമാറ്റത്തിന്റെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടു. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിർദ്ദേശം സെക്രട്ടേറിയറ്റ് ജീവനക്കാരെ വിശ്വാസത്തിലെടുത്തു കൊണ്ട് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടു. പെൻഷൻ പ്രായം 60 വയസ്സ് ആക്കണമെന്നും ഗാന്ധിജയന്തിയോടനുബന്ധിച്ചുള്ള സേവനവാരം പുന:സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടു.

5. ശ്രീ. കെ.ആർ. രവീന്ദ്രൻ (അദ്ധ്യാപക സർവ്വീസ് സംഘടനാ ഐക്യവേദി)

ബാഹ്യശക്തികളുടെ ഇടപെടലുകളില്ലാതെ ജോലി ചെയ്യുവാനുള്ള സാഹചര്യം ഉണ്ടാകണമെന്നും സേവനാവകാശ നിയമം നടപ്പാക്കണമെന്നും വിവരാവകാശ നിയമത്തിലൂടെ ജീവനക്കാരെ ദ്രോഹിക്കുന്ന നടപടി ഇല്ലാതാക്കണമെന്നും ആവശ്യപ്പെട്ടു. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നതിന് ചർച്ച ആവശ്യമാണ്. ഫീൽഡ് വർക്കിന് പോകുന്ന ജീവനക്കാർക്ക് വാഹനസൗകര്യം അല്ലെങ്കിൽ വാഹനബത്ത അനുവദിക്കണം. ഉദ്യോഗസ്ഥർക്ക് ഇൻസർവ്വീസ് പരിശീലനം നൽകണം. എക്കാലത്തേക്കും സൂക്ഷിക്കേണ്ട ഫയലുകളും രജിസ്റ്ററുകളും കമ്പ്യൂട്ടറൈസ് ചെയ്യണം. തുടർച്ചാനുമതി ഇല്ലാത്തതിനാൽ ശമ്പളം ലഭിക്കാത്ത അവസ്ഥ തടയണം.

6. ശ്രീ. നസീം ഹനീഫ (ജനറൽ കൺവീനർ, സ്റ്റേറ്റ് എംപ്ലോയീസ് ആന്റ് ടീച്ചേഴ്സ് കോൺഫെഡറേഷൻ)

ജീവനക്കാരുടെ കുറവും അടിസ്ഥാനസൗകര്യങ്ങളുടെ അഭാവവും പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് വർക്ക്സ്റ്റഡി നടത്തണം. സ്ഥലംമാറ്റത്തിന് കൃത്യമായ മാനദണ്ഡം പാലിക്കണം.

7. ശ്രീ. ജയ്സൺ (ജനറൽ കൺവീനർ ഫെഡറേഷൻ ഓഫ് എംപ്ലോയീസ് ആന്റ് ടീച്ചേഴ്സ്)

സർവ്വീസ് സംബന്ധമായ ജീവനക്കാരുടെ പരാതികൾ പരിഹരിക്കുന്നതിന് ജില്ലാതലത്തിൽ ഒരു പരാതി പരിഹാര സെൽ രൂപീകരിക്കണമെന്നും സീനിയോറിറ്റി, പ്രൊമോഷൻ, ട്രാൻസ്ഫർ ഇവ കമ്പ്യൂട്ടറൈസ് ചെയ്യണമെന്നും സംഘടന അഭിപ്രായപ്പെട്ടു. ഓഫീസുകൾ പിരിവ് വിമുക്തമാക്കണമെന്നും ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കണമെന്നും പരാതിക്കാരെ നേരിൽ കേട്ട് ഫയൽ തീർപ്പാക്കുവാനുള്ള വ്യവസ്ഥ ഉണ്ടാകണമെന്നും സംഘടന നിർദ്ദേശിച്ചു.

## മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗത്തിലെ നിർദ്ദേശങ്ങൾ

◆ സ്ഥലംമാറ്റത്തിൽ അപാകതകൾ ഉണ്ടോ എന്ന് പരിശോധിക്കും. സ്ഥലംമാറ്റത്തിന് പൊതുമാനദണ്ഡം രൂപീകരിക്കും.

◆ വിദ്യാഭ്യാസമേഖലയിൽ കാര്യക്ഷമത ഉറപ്പാക്കുകയും പൊതുവിദ്യാഭ്യാസം സംരക്ഷിക്കുകയും ചെയ്യും.

◆ മികവിന്റെ കേന്ദ്രങ്ങളായ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകണം. അതിനുള്ള പാക്കേജ് സർക്കാർ ആലോചിക്കുന്നുണ്ട്.

◆ സേവനവാരം പുന:സ്ഥാപിക്കുന്നത് പരിശോധിക്കും.

◆ ജീവനക്കാർക്ക് ജോലി ചെയ്യാൻ തടസ്സമാകുന്ന ബാഹ്യസമ്മർദ്ദം ഒഴിവാക്കും.

നമുക്കൊന്നിച്ച് നീങ്ങി നാടിനെ അഭിവൃദ്ധിയിലേക്ക് നയിക്കാം എന്നു പറഞ്ഞ് ബഹു.മുഖ്യമന്ത്രി മറുപടി പ്രസംഗം ഉപസംഹരിച്ചു.

യോഗം 12.40 ന് അവസാനിച്ചു.

A. [signature]
S.O